## ഗ്രാമ ന്യായാലയ, അമ്പലപ്പുഴ
## ഹാജർ :– ശ്രീ. സുശാന്ത് കൃഷ്ണൻ.ജി, ന്യായാധികാരി
## 2025 –മാണ്ട് ഡിസംബർ മാസം 17–ാം തീയതി

# CMP 185/2022 IN MC 49/2021

ഹർജികക്ഷി : ദീപ എസ് , 51 വയസ്,
D/o. ഗണേഷൻ കെ,
ആലിശ്ശേരിയിൽ ഹൗസ് , പുന്നപ്ര പി.ഒ,
ആലപ്പുഴ
(പ്രതിനിധീകരിക്കുന്നത് അഡ്വ. അനു.ജി.തോട്ടപ്പള്ളി)

എതൃകക്ഷി : ഷാജി പി, 59 വയസ്, S/o. പുഷ്കരൻ,
ആലിശ്ശേരിയിൽ ഹൗസ് , പുന്നപ്ര പി.ഒ,
ആലപ്പുഴ
(പ്രതിനിധീകരിക്കുന്നത് അഡ്വ. സുജമോൾ എം)

മേൽ ഹർജി 17.12.2025 ൽ വാദം കേട്ട് അന്നേ ദിവസം പുറപ്പെടുവിക്കുന്ന

## ഉത്തരവ്

1. മേൽ നമ്പർ ഹർജി 2005 ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിലെ 31–ാം വകുപ്പ് പ്രകാരം ബോധിപ്പിച്ചിട്ടുള്ള ഹർജിയാണ്.
2. MC.49/2021 ഹർജിയിലെ ഹർജിക്കാരി ഒരു ഇടക്കാല സംരക്ഷണ ഉത്തരവ് ആവശ്യപ്പെട്ട് MC.49/2021ൽ CMP.334/2021 ഫയൽ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത CMP യിൽ ഹർജിക്കാരിയെ കേട്ട ശേഷം എതൃകക്ഷിക്കെതിരെ ഒരു ഇടക്കാല സംരക്ഷണ ഉത്തരവ് 16.12.2021 തീയതിയിൽ നൽകിയിട്ടുള്ളതുമാണ്. എന്നാൽ ടി സംരക്ഷണ ഉത്തരവ് എതൃകക്ഷി ലംഘിക്കുകയും യാതൊരു രീതിയിലും പ്രസ്തുത ഉത്തരവ് പാലിക്കാതെ എതൃകക്ഷി സുഹൃത്തുക്കളോട് കൂടി ചേർന്ന് മദ്യപിക്കുകയും എതൃകക്ഷിയുടെ വീട്ടുകാരെ വിളിച്ച് വരുത്തി ഹർജികക്ഷിയെ ഭീഷണിപ്പെടുത്തുകയും അസഭ്യം പറയുകയും ചെയ്യുന്നത് പതിവായിരുന്നതും

* ഗ്രാമന്യായാലയ * പിൻ 688 003



എതൃകക്ഷിയുടെ 16.12.2021 തീയതിയിലുള്ള കോടതിയുടെ ഉത്തരവ് ലംഘിച്ചതിനെ പറ്റി പോലീസിൽ പരാതി നൽകിയിട്ടുണ്ടായിരുന്നെങ്കിലും യാതൊരു നടപടിയും പോലീസ് കൈക്കൊണ്ടിട്ടില്ലാത്തതും കോടതിയുടെ 16.12.2021 തീയതിയിലെ ഇടക്കാല ഉത്തരവ് എതൃകക്ഷി മനഃപൂർവം ലംഘിച്ച് കൊണ്ടേ ഇരിക്കുകയും ചെയ്തതിനാൽ ആണ് പ്രസ്തുത ഹർജി (CMP 185/2022) ഫയൽ ചെയ്തിരിക്കുന്നത്.

3. ഹർജികക്ഷിയുടെ ഭാഗത്ത് നിന്ന് ഹർജികക്ഷിയെ PW1 ആയി വിസ്തരിക്കുകയും ഹർജികക്ഷിയുടെ മൊഴി *(sworn statement)* കോടതി മുമ്പാകെ എടുക്കുകയും, Ext.P1 മുതൽ Ext.P6 വരെയുള്ള രേഖകൾ അടയാള സഹിതം ഹർജിക്കാരിയുടെ ഭാഗത്ത് നിന്ന് അക്കമിട്ട് തെളിവിൽ സ്വീകരിക്കുകയും ചെയ്തു.

4. എതൃകക്ഷിയുടെ ഭാഗത്ത് നിന്ന് ആക്ഷേപം ഫയൽ ചെയ്തിട്ടുള്ളതാണ്. എതൃകക്ഷി കോടതിയുടെ ഉത്തരവ് മാനിച്ച് കൊണ്ടാണ് കഴിഞ്ഞു വന്നതെന്നും എതൃകക്ഷി സുഹൃത്തുക്കളുമായി ചേർന്ന് മദ്യപിച്ച് അസഭ്യം പറഞ്ഞു എന്നുള്ള പ്രസ്താവന കളവാണ് എന്നും ഹർജികക്ഷി എതൃകക്ഷിക്കെതിരെ കളവായ പരാതി പോലീസിൽ നൽകുകയും പോലീസ് സമഗ്രമായി അന്വേഷിച്ച് പരാതിയിൽ കഴമ്പ് ഇല്ല എന്ന് കണ്ട പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടിട്ടില്ല എന്നും ഹർജിക്കാരി എതൃകക്ഷിയോട് യാതൊരു കരുണയും കാണിക്കാതെയും ആഹാരം കൊടുക്കാതെയും വീട്ടിൽ നിന്ന് ഇറക്കി വിട്ടിട്ടുള്ളതാണ് എന്നും ജോലി നഷ്ടപെട്ട എതൃകക്ഷിയെ മാതാപിതാക്കളും സഹോദരങ്ങളും കൂടിയാണ് സംരക്ഷിച്ച് വരുന്നതെന്നും ആയതിനാൽ പ്രസ്തുത ഹർജി തള്ളി ഉത്തരവാകണെമെന്നും പറഞ്ഞിട്ടുള്ളതാണ്.

5. ഇരുകക്ഷികളുടെയും വാദം വിശദമായി കേൾക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു.

6. Ext.P1 മുതൽ Ext.P6 വരെയുള്ള രേഖകൾ പരിശോധിച്ചതിൽ നിന്നും എതൃകക്ഷി ബന്ധുക്കളെ കൊണ്ട് ഹർജികക്ഷിയെ ഭീഷണിപ്പെടുത്തുകയും അസഭ്യം പറയുകയും വീട്ടിലെ സി.സി.ടി.വി പ്രവർത്തനരഹിതമാക്കുകയും കോടതിയുടെ 16.12.2021 തീയതിയിലെ സംരക്ഷണ ഉത്തരവ് എതൃകക്ഷി പാലിക്കാതെ ഇരിക്കുകയും ചെയ്യുന്നത് കാണിച്ച് ഹർജികക്ഷിയെയും മക്കളെയും കൊന്നു കളയുമെന്നും അല്ലെങ്കിൽ ഹർജികക്ഷിയും മക്കളും വീട്ടിൽ നിന്നും ഇറങ്ങി പോകണമെന്ന് ഭീഷണിപ്പെടുത്തിയും ഹർജികക്ഷിയുടെയും മക്കളുടെയും

സുരക്ഷിതത്തിന് യാതൊരു ഉറപ്പും ഇല്ല എന്നും എതൃകക്ഷി കാരണം ജീവന് ഭീഷണിയാണെന്നും കാണിച്ച് 2022-2025 കാലത്ത് പുന്നപ്ര പോലീസിന് നൽകിയ പരാതിയും അത് കൈപ്പറ്റി കൊണ്ട് പോലീസ് നൽകിയ രസീതും ആണ് Ext.P1 മുതൽ Ext.P5 വരെയുള്ള രേഖകൾ. Ext.P6 എതൃകക്ഷിയും സുഹൃത്തും കൂടി വീടിന്റെ അടുക്കളയിൽ മദ്യപിക്കുന്ന ഫോട്ടോയാണ്. PW1 ന്റെ മൊഴിയിൽ നിന്നും കോടതി മുമ്പാകെ ഹാജരാക്കിയ Ext.P1 മുതൽ Ext.P6 വരെയുള്ള രേഖകളിൽ നിന്നും എതൃകക്ഷി ഹർജികക്ഷിയെ ശാരീരികവും മാനസികവുമായി ഉപദ്രവിക്കുന്നു എന്നും 16.12.2021 തീയതിയിലെ ഈ കോടതിയിലെ CMP.334/2021 എന്ന ഹർജിയിലെ ഉത്തരവ് ലംഘിച്ച് എതൃകക്ഷി നിരന്തരം ഹർജികക്ഷിയെ ഉപദ്രവിക്കുന്നു എന്നും ബോധ്യമായിരിക്കുന്നു. എന്നാൽ എതൃകക്ഷി നൽകിയ ആക്ഷേപം പരിശോധിച്ചതിൽ നിന്ന് യാതൊരു ഉത്തമ വിശ്വാസം ഇല്ലാതെയാണ് ആയത് ഫയൽ ചെയ്തത് എന്നും കോടതി മുമ്പാകെയുള്ള രേഖകളും ഹർജികക്ഷിയുടെ മൊഴിയും പരിശോധിക്കുമ്പോൾ 16.12.2021 തീയതിലെ ഹർജികക്ഷിക്ക് നൽകിയ ഉത്തരവ് എതൃകക്ഷി ലംഘിക്കുന്നതായി പ്രഥമ ദൃഷ്ട്യാ കോടതിക്ക് ബോധ്യം വന്നിരിക്കുന്നു. ആയതിനാൽ പ്രസ്തുത ഹർജി (CMP 185/2022) അനുവദിച്ച് എതൃകക്ഷിക്കെതിരെ പ്രഥമ ദൃഷ്ട്യാ ആരോപിക്കപ്പെട്ട കുറ്റം നിലനിൽക്കുന്നതാണ് എന്ന് കോടതിക്ക് ബോധ്യം വന്നിട്ടുള്ളതിനാൽ എതൃകക്ഷിക്കെതിരെ ST.69/2025 ആയി കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നു .

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്തു. ഞാൻ വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2025 ഡിസംബർ മാസം 17 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

ഗ്രാമന്യായാലയ * അമ്പലപ്പുഴ ബ്ലോക്ക്, സനാതനപുരം പി.ഒ. പിൻ 688 003

**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**